

# കാൻസറോ...?
# ഭയപ്പെടേണ്ട

# കാൻസറോ...?
# ഭയപ്പെടേണ്ട...

പ്രമോദ് തോമസ്

CANCERO... BHAYAPEDENDA
(**Malayalam)**
Pramod Thomas

First edition : April 2014

Design: Grace Graphics, Kunnamkulam
Printed at : Ebenezer Printers Thrissur

For Free Distribution



# കാൻസറോ...? ഭയപ്പെടേണ്ട...

"കാൻസർ ബാധിച്ചിരിക്കുന്നു. ഈ രോഗം സൗഖ്യമാകുമോ? ചികിത്സ കൊണ്ട് പ്രയോജനമുണ്ടോ? ഏതെങ്കിലും നിലയിൽ പ്രതീക്ഷയ്ക്ക് വകയുണ്ടോ?"കാൻസർ എന്നു കേട്ടാലുടൻ മനസ്സിലേക്ക് ആദ്യം ഓടിവരുന്ന ചോദ്യങ്ങളാണിത്. കാൻസറിനു ചികിത്സ കൊണ്ട് പ്രയോജനമില്ല എന്നു കരുതിയ ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്നു കാര്യങ്ങൾക്ക് വലിയ വ്യത്യാസമുണ്ടായിരിക്കുന്നു. കാൻസർ രോഗികൾക്കും ബന്ധുക്കൾക്കും ശുഭ പ്രതീക്ഷ പകരുന്ന നിലയിലേക്ക് കാൻസർ ചികിത്സാ രീതികൾ മാറിക്കഴിഞ്ഞു. കൃത്യമായ സമയത്ത് നല്കുന്ന വിദഗ്ദ ചികിത്സയിലൂടെ പൂർണ്ണ സൗഖ്യം നേടാൻ കഴിയുന്ന രോഗമാണ് കാൻസർ എന്നു ഇപ്പോൾ വൈദ്യശാസ്ത്രം വ്യക്തമാക്കുന്നു. മാരകമായ കാൻസർ ശരീരമാകെ പടർന്നിട്ടും പൂർണ്ണ സൗഖ്യം നേടിയ ആയിരക്കണക്കിനു രോഗികൾ ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നു. കാൻസർ ബാധിച്ചാലും സൗഖ്യം നേടി സാധാരണ ജീവിതം സാധ്യമാണെന്ന് നിരവധി കാൻസർ രോഗികളുടെ അനുഭവത്തിൽ നിന്നും മനസ്സിലാക്കാം.

കാൻസർ വരാനിടയുണ്ടോ എന്നു നേരത്തെ കണ്ടെത്താനും പ്രതിരോധിക്കാനും ഇന്നു മാർഗ്ഗങ്ങളുണ്ട്. നല്ലൊരു പങ്കു കാൻസറും വിദഗ്ദ ചികിത്സയിലൂടെ സുഖപ്പെടുത്താൻ കഴിയുന്നതാണെന്ന് ഡോക്ടർമാർ തന്നെ

വ്യക്തമാക്കുന്നു. മാത്രമല്ല പരമാവധി നേരത്തെ കണ്ടെത്താൻ കഴിയുന്നത് ചികിത്സയ്ക്ക് ഏറെ സഹായകരമാകുന്നു.

**കാൻസർ എന്നാൽ എന്താണ്?**

നമ്മുടെ ശരീരം നിർമ്മിച്ചിരിക്കുന്നത് കോടിക്കണക്കിനു കോശങ്ങൾ കൊണ്ടാണ്. കോശങ്ങൾ വിഭജിച്ച് മറ്റു കോശങ്ങളുണ്ടാകുന്നത് ശരീരത്തിൽ സ്വാഭാവികമായി നടക്കുന്ന ഒരു പ്രവർത്തനമാണ്. എന്നാൽ ഈ കോശവിഭജനത്തിനിടയിൽ ശരീരത്തിലെ ചില ഭാഗങ്ങളിലെ കോശങ്ങൾ അനിയന്ത്രിതമായി പെരുകി വളരുമ്പോഴാണ് കാൻസർ ആരംഭിക്കുന്നത്. ഈ കോശവളർച്ച മുഴകൾ പോലെ ആയിത്തീരും. ഇങ്ങനെയുള്ള എല്ലാ മുഴകളും അപകടകാരികളല്ല.

എന്നാൽ ചില മുഴകൾ കാൻസർ കോശങ്ങൾ പെരുകി രോഗകാരണമായിത്തീരുന്നു. മാത്രമല്ല ഈ കാൻസർ കോശങ്ങൾ മറ്റു ശരീര ഭാഗങ്ങളിലേക്ക് വ്യാപിച്ച് വളർന്ന് കാൻസർ വ്യാപിക്കാനും ഇടയാക്കുന്നു. ഓരോ കാൻസറും ശരീരത്തിന്റെ ഏതു ഭാഗത്തുനിന്നാണോ ആരംഭിക്കുന്നത് അതുമായി ബന്ധപ്പെട്ടുള്ള പേരിലാണ് അറിയപ്പെടുന്നത്. ഓരോ കാൻസറിനും ഉള്ള ചികിത്സയും വ്യത്യസ്തമാണ്.

**കാൻസറിനു കാരണമെന്ത്?**

നമ്മുടെ ഇന്നത്തെ ജീവിത ശൈലിയുമായി കാൻസറിനു അടുത്ത ബന്ധമുണ്ടെന്ന് ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ വ്യക്തമാക്കുന്നു. 35 ശതമാനം കാൻസറും പുകയിലയുടെ ഉപയോഗം മൂലം ഉണ്ടാകുന്നതാണ്. കാൻസറിനു കാരണമാകുന്ന 28 ഘടകങ്ങളാണ് പുകയിലയിലുള്ളത്. ഭക്ഷണരീതികളിലുണ്ടായ വലിയ മാറ്റങ്ങളും ഒരു പ്രധാന ഘടകമാണ്. വറുത്തതും പൊരിച്ചതും കൃത്രിമനിറങ്ങൾ ചേർത്തതുമൊക്കെയായ ഭക്ഷണസാധനങ്ങളും ഫാസ്റ്റ് ഫുഡ് രീതിയുമൊക്കെയാണ് 30 ശതമാനത്തോളം കാൻസറിനു കാരണമാകുന്നത്.

മദ്യപാനവും, കൊഴുപ്പിന്റെ കൂടിയ അളവും, വ്യായാമം ഇല്ലായ്മയും കാൻസറിലേക്ക് വഴിതെളിക്കാൻ ഘടകങ്ങളാണ്. എന്നാൽ ഇതിനു പുറമെ നമ്മുടെ നിയന്ത്രണങ്ങൾക്ക് പുറത്തുള്ള നിരവധി കാരണങ്ങളും കാൻസറിലേക്ക് നയിക്കാം. പാരമ്പര്യ ജനിതക ഘടകങ്ങളും, പാരിസ്ഥിതികവും തൊഴിൽപരവുമായ സാഹചര്യങ്ങളും, രാസവസ്തുക്കളുടെ ഉപയോഗവും, റേഡിയേഷനും, വൈറസ് ബാധയുമെല്ലാം വിവിധ അളവുകളിൽ കാൻസ

റിനു കാരണമാകുന്നുണ്ട്.

**കാൻസറിനെതിരെ മുൻകരുതലുകൾ**

പുകയിലയുടെ ഉപയോഗം പൂർണ്ണമായും ഉപേക്ഷിക്കുക



മദ്യപാനവും, ലഹരിമരുന്നുകളുടെ ഉപയോഗവും അവസാനിപ്പിക്കുക.

ജീവിതശൈലിയിലും ഭക്ഷണരീതിയിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുക. മാംസാഹാരത്തിന്റെ അളവു കുറയ്ക്കുക. മാംസാഹാരത്തിൽ മീനിനു പ്രാധാന്യം നല്കുക.

ടിന്നിലടച്ചതും വറുത്തതും പൊരിച്ചതുമായ ഭക്ഷണങ്ങൾ ഒഴിവാക്കുക. ഫാസ്റ്റ് ഫുഡ് ശൈലി ഉപേക്ഷിക്കുക.

ഭക്ഷണത്തിൽ പരമാവധി പഴങ്ങളും പച്ചക്കറികളും ഉൾപ്പെടുത്തുക. അതെ സമയം കടകളിൽ നിന്നു വാങ്ങുന്ന പച്ചക്കറികളും പഴങ്ങളും കഴിവതും രണ്ടു മണിക്കൂറെങ്കിലും വെള്ളത്തിൽ ഇട്ട ശേഷം മാത്രം ഉപയോഗിക്കുക

കരിഞ്ഞതും പുകഞ്ഞതുമായ ഭക്ഷണം, പലതവണ തണുപ്പിച്ചും ചൂടാക്കിയതുമായ ഭക്ഷണം തുടങ്ങിയവ ഒഴിവാക്കുക

പൂപ്പൽ പിടിച്ച ഭക്ഷ്യവസ്തുക്കൾ, കൃത്രിമനിറങ്ങൾ ചേർത്ത പലഹാരങ്ങൾ തുടങ്ങിയവ ഉപയോഗിക്കരുത്.

അമിത വണ്ണത്തിലേക്ക് നയിക്കുന്ന രീതിയിലുള്ള ഭക്ഷണരീതി പൂർണ്ണമായും ഉപേക്ഷിക്കുക.

സ്ഥിരമായി വ്യായാമം ചെയ്യുക.

**കാൻസർ മുൻകൂട്ടി കണ്ടെത്താം**

40 വയസ്സിനു ശേഷം മൂന്നു വർഷത്തിൽ ഒരിക്കലെങ്കിലും കാൻസർ പരിശോധനകൾ നടത്തുന്നത് നല്ലതാണ്. കാൻസർ മുൻകൂട്ടി കണ്ടെത്താൻ നിരവധി മാർഗ്ഗങ്ങൾ ഇപ്പോൾ ലഭ്യമാണ്. അവയിൽ ചിലതെല്ലാം വളരെ

ലളിതവുമാണ്.

പ്രത്യേകിച്ച് സ്ത്രീകളിൽ കാണപ്പെടുന്ന സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവ ലളിതമായ പരിശോധനകളിലൂടെ കണ്ടെത്താൻ സാധിക്കും. എത്രയും നേരത്തെ രോഗത്തിന്റെ സാന്നിദ്ധ്യം കണ്ടെത്താൻ സാധിക്കുമോ അതിനനുസരിച്ച് പൂർണ്ണമായും രോഗം ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കും.

**കാൻസർ ബാധിച്ചാൽ...**

കാൻസർ രോഗം ബാധിച്ചുവെന്ന് സംശയം തോന്നിയാൽ ഒരു കാൻസർ ചികിത്സാ വിദഗ്ദനെ സമീപിച്ച് വിശദമായ പരിശോധന നടത്തി രോഗ നിർണ്ണയം നടത്തണം. തികഞ്ഞ ആത്മവിശ്വാസത്തോടും ധൈര്യത്തോടും കൂടെ നേരിടാവുന്ന ഒരു രോഗം തന്നെയാണ് കാൻസർ. ജീവിതം ഇതോടെ ഇരുളടഞ്ഞുവെന്നും കൈവിട്ടു പോയി എന്നും ഒരിക്കലും ചിന്തിക്കരുത്. ആത്മവിശ്വാസം നഷ്ടപ്പെടുത്തിക്കളയരുത്.

നിരാശരായാൽ ശരീരത്തിന്റെ പൊതുവായ ആരോഗ്യത്തെ അതു ദോഷകരമായി ബാധിക്കുമെന്ന് മനസ്സിലാക്കുക. അതു രോഗത്തെ കൂടുതൽ ഗുരുതരമാക്കാൻ മാത്രമെ സഹായിക്കുകയുള്ളു. അതെസമയം ആത്മവിശ്വാസത്തോടെ ധൈര്യപൂർവ്വം രോഗത്തെ നേരിടുന്നവരിൽ അതിവേഗം ഫലം കാണുന്നുണ്ട്. നിഷേധാത്മകമായ ചിന്തകളെ മനസ്സിൽ നിന്നും പൂർണ്ണമായും മാറ്റിക്കളയണം. കാൻസറിനു എന്നെ തോല്പിക്കാനാവില്ല എന്നും എന്റെ സന്തോഷത്തെ എടുത്തു കളയാൻ സാധിക്കില്ല എന്നും നിങ്ങൾ നിങ്ങളോടും ചുറ്റുമുള്ളവരോടും തികഞ്ഞ ആത്മവിശ്വാസത്തോടെ പറയുക. കാൻസർ ബാധിതനായ ഏരിയൻ സ്പെക്റ്റർ എന്ന എഴുത്തുകാരൻ പറയുന്നത് ശ്രദ്ധിക്കുക "ഞാൻ കാൻസറിനോടുള്ള പോരാട്ടത്തിലാണ്. ജീവിതത്തിലെ മറ്റു പോരാട്ടങ്ങളിലെന്നതുപോലെ ഈ പോരാട്ടത്തിലും വിജയം എനിക്കായിരിക്കും."

മറ്റേതൊരു രോഗവും പോലെ കാൻസറിനും ചികിത്സ കൊണ്ട് ഫലം കണ്ടെത്താൻ കഴിയും. രോഗം ഏതു ഘട്ടത്തിലാണെന്ന് മനസ്സിലാക്കി അതിനനുസരിച്ച് ഡോക്ടർമാർ നല്കുന്ന ചികിത്സയ്ക്ക് വിധേയനാകണം. ചികിത്സ ഡോക്ടർമാരുടെ മാത്രം ഉത്തരവാദിത്തമാണെന്ന് കരുതി മാറി ഇരിക്കരുത്. ചികിത്സയിൽ സജീവ പങ്കാളിയാകുക. ഇന്നു കാൻസർ ചികിത്സയിൽ ഏറെ അത്ഭുതകരമായ മുന്നേറ്റമാണ് ഉണ്ടായിരിക്കുന്നത്.

രോഗം ഏതു ഘട്ടത്തിലാണെങ്കിലും ഇന്നു വിദഗ്ദ ചികിത്സ കാൻസറിനുണ്ട്. റേഡിയേഷനും ശസ്ത്രക്രിയകളും കീമോതെറാപ്പിയും മുതൽ മൂലകോശ ചികിത്സ വരെ നീളുന്ന ഒട്ടേറെ ചികിത്സാ രീതികൾ ഇന്നു ലഭ്യമാണ്. കാൻസർ കോശങ്ങളുടെ വളർച്ച അവസാനിപ്പിക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നതിനാണ് കീമോതെറാപ്പിയും റേഡിയേഷനും ഉപയോഗിക്കുന്നത്.

അതെ സമയം കാൻസറിനെതിരായ പോരാട്ടം കേവലം നിസാരമായ ഒരു യുദ്ധമല്ല എന്നും നാം തിരിച്ചറിയേണ്ടതുണ്ട്. ചിലപ്പോൾ വർഷങ്ങൾ തന്നെ ചികിത്സ തുടരേണ്ടിവരും. കീമോതെറാപ്പിയിലും റേഡിയേഷനിലും ഉൾപ്പെടെ ചികിത്സയ്ക്കിടെ മാനസീകവും ശാരീരികവുമായ പാർശ്വഫലങ്ങളും അതിന്റേതായ വേദനകളും ഉണ്ടാകും. ശരീര വിളർച്ച മുതൽ മുടികൊഴിച്ചിൽ വരെ ഇങ്ങനെയുള്ള പാർശ്വഫലങ്ങളാണ്. മാനസീകമായും കാൻസർ രോഗി സമ്മർദ്ദത്തിലൂടെ കടന്നുപോകുമെന്നതിൽ സംശയമില്ല. ഒറ്റപ്പെടലിന്റെയും കടുത്ത വേദനകളുടെയും ഒക്കെ സാഹചര്യങ്ങൾ നേരിടേണ്ടിവരും. സാമ്പത്തികമായ പ്രതിസന്ധികളും കടന്നുവരും. എന്നാൽ ചികിത്സയ്ക്കിടയിൽ ഉണ്ടാകുന്ന ഇത്തരം വെല്ലുവിളികളെ ഓർത്ത് നിരാശപ്പെട്ട് മനസ്സുതകർന്നു പോകരുത്. അവയെ യാഥാർത്ഥ്യ ബോധത്തോടെ ഉൾക്കൊള്ളണം. ഈ പാർശ്വഫലങ്ങൾ എല്ലാക്കാലത്തേക്കുമുള്ളതല്ല. അസുഖം സൗഖ്യമാകുന്നതിനൊപ്പം ഈ പാർശ്വ ഫലങ്ങളും അവസാനിക്കും.

ഈ ചികിത്സാ രീതികളിലൂടെ രോഗ സൗഖ്യം സാദ്ധ്യമാകുന്നു എന്ന യാഥാർത്ഥ്യം മറക്കരുത്. മാത്രമല്ല പൂർണ്ണമായും സൗഖ്യം പ്രാപിക്കുന്ന കാൻസർ രോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവാണ് ഉണ്ടാകുന്നത്. ചികിത്സയ്ക്കിടയിലും വ്യായാമം മുടക്കേണ്ടതില്ല. ശരീരത്തിന്റെ പൊതുവായ ആരോഗ്യം നിലനില്ക്കുന്നത് കാൻസർ ചികിത്സയ്ക്ക് അത്യാവശ്യമാണ്. മാത്രമല്ല കാൻസറിനെക്കുറിച്ച് അബദ്ധ ധാരണകളുള്ള ആളുകളുമായി സംസാരിക്കുമ്പോൾ ഈ രോഗത്തിൽ നിന്നും പൂർണ്ണ സൗഖ്യം സാധിക്കും എന്ന ഉറച്ച ബോധ്യത്തോടെ സംസാരിക്കുക.

കാൻസർ രോഗത്തെ അതിജീവിച്ചവരെ കണ്ടെത്തുകയും അവരുടെ ജീവിതാനുഭവങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുന്നത് ഏറെ പ്രയോജനകരമാണ്. കാൻസർ ബാധിച്ചാലും നിങ്ങളുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളുമൊന്നും നഷ്ടപ്പെടുത്താതെ മുന്നോട്ട് പോകാൻ സാധിക്കുമെന്നതിൽ സംശയം വേണ്ട.

### കാൻസർ രോഗികൾ സംസാരിക്കുന്നു

പത്തൊമ്പതാം വയസ്സിൽ കാൻസർ ബാധിച്ച ആഷ്‌ലി എന്ന ചെറുപ്പക്കാരി കാൻസറിനെ നോക്കി വെല്ലുവിളിച്ചുകൊണ്ട് പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്. " പ്രിയപ്പെട്ട കാൻസർ, നീ പത്തൊമ്പതാം വയസ്സിലേക്കാണ് എന്റെ ജീവിതത്തിലേക്ക് വന്നത്, എന്റെ കണ്ണുകളെ തുറന്ന് ഞാൻ ആരാണെന്നും ആരായിരിക്കണം എന്നും ഓർമ്മിപ്പിച്ചതിനു നന്ദി. എനിക്ക് ഇപ്പോൾ 23 വയസ്സുണ്ട്. ഞാൻ ഡിഗ്രി പഠനം പൂർത്തിയാക്കിയിരിക്കുന്നു. ഈ പോരാട്ടത്തിൽ ചിലപ്പോഴൊക്കെ വിജയിച്ചതു നീയാണെന്ന് നീ സ്വയം കരുതി. എന്നാൽ ഈ യുദ്ധത്തിൽ ഇതാ നീ തോറ്റിരിക്കുന്നു."

ഇരുപത്തൊമ്പതാം വയസ്സിൽ കാൻസർ ബാധിച്ച ബേക്കർ എന്ന യുവാവ് തന്റെ ജീവിത കഥ എഴുതിയിട്ടുണ്ട്. സി റ്റി സ്കാൻ പരിശോധനയ്ക്ക് ശേഷം കാൻസർ ആണെന്ന് ഡോക്ടർ പറഞ്ഞപ്പോൾ പെട്ടെന്ന് തന്റെ മനസ്സിലേക്ക് വന്ന ചിന്ത ബേക്കർ പറയുന്നു. "ഞാൻ ഒരു തരത്തിലും പരിഭ്രാന്തനായില്ല. ദൈവം എന്റെ തോളിൽ തട്ടി എഴുന്നേൽക്കുക എന്നു പറഞ്ഞതുപോലെ എനിക്കു തോന്നി. ഞാൻ ജീവിതത്തിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതാണെന്ന് എനിക്ക് മനസ്സിലായി. ഞാൻ ഇതിൽ നിന്നും പാഠം പഠിക്കേണ്ടിയിരിക്കുന്നു."

റേഡിയേഷൻ, കീമോതെറാപ്പി ചികിത്സകൾക്ക് ഈ യുവാവ് വിധേയനായി. കാൻസർ വിമുക്തനായ ബേക്കർ വിവാഹിതനായി രണ്ടു മക്കളുടെ പിതാവായി. എന്നാൽ 2006-ൽ വീണ്ടും കാൻസർ ബേക്കറിനെ തേടിയെത്തി. ഇത്തവണയും ഈ യുവാവ് പതറിയില്ല. ദൈവത്തിൽ ആശ്രയിച്ച് വീണ്ടും കൂടുതൽ ശക്തമായ റേഡിയേഷൻ, കീമോതെറാപ്പി ചികിത്സകൾക്ക് വിധേയനായി. നിരാശപ്പെട്ടു പോകാവുന്ന നിരവധി സാഹചര്യങ്ങൾ ഉണ്ടായപ്പോഴും പതറിയില്ല. ഇന്നു പൂർണ്ണ സൗഖ്യം നേടി ഈ യുവ എഞ്ചിനീയർ നൂറുകണക്കിനു കാൻസർ രോഗികൾക്ക് ആത്മവിശ്വാസം പകരുന്നതിനായി സമയം കണ്ടെത്തുന്നു. "ജീവിതത്തെ പുതിയ കാഴ്ചപ്പാടോടെ കാണുവാൻ ഈ രോഗം എന്നെ സഹായിച്ചു. എന്നെ ആക്രമിച്ച കാൻസറിനു ഞാൻ നന്ദി പറയുന്നു." ബേക്കർ ഇന്നു നിറഞ്ഞ പുഞ്ചിരിയോടെ പറയുന്നു.

ശരീരത്തിൽ ഒരേ സമയം മൂന്നു തരം കാൻസർ ബാധിച്ച ( ബ്രസ്റ്റ് കാൻസർ, തൈറോയ്ഡ് കാൻസർ, പറോട്ടിന്റ് ഗ്ലാൻഡ് കാൻസർ) ഡെയ്സി

ഏബ്രഹാം എന്ന മാതാവ് തന്റെ ജീവിതാനുഭവങ്ങളെ കോർത്തിണക്കി രചിച്ച " പുഞ്ചിരിക്കുക; ദൈവം നിന്നെ സ്നേഹിക്കുന്നു" എന്ന പുസ്തകത്തിൽ ഇപ്രകാരം എഴുതുന്നു. " മൂന്നു തരത്തിലുള്ള കാൻസറുകൾ എന്റെ ശരീരത്തെ കാർന്നു തിന്നുമ്പോഴും ലോകം തരാത്ത സമാധാനവും ശാന്തിയും അനുഭവിക്കാൻ എനിക്കിടയായി. അതിശക്തമായ കൊടുങ്കാറ്റുകൾ ജീവിതപടകിൽ ആഞ്ഞടിക്കുമ്പോൾ അത് പുഞ്ചിരിയോടു കൂടെ നേരിടുവാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് സാധിക്കുന്നു. കാരണം ദൈവം അവരെ സ്നേഹിക്കുന്നു എന്ന സത്യം അവർ മനസ്സിലാക്കുന്നു."

**ഭയപ്പെടേണ്ട....**



കാൻസർ കീഴടക്കുന്ന ഏതൊരു വ്യക്തിയും ഭയപ്പെട്ടു പോകാനുള്ള സാദ്ധ്യത ഏറെയാണ്. രോഗത്തിന്റെ കാഠിന്യവും ചികിത്സാ രീതികളുമൊക്കെ മനസ്സിൽ ഭയം നിറയ്ക്കാനിടയുണ്ട്. "ഇനി എങ്ങനെ മുന്നോട്ടു പോകും?" എന്ന ചോദ്യം മനസ്സിലുയരാം. ഇവിടെ മനുഷ്യരുടെ ആശ്വാസവാക്കുകൾ കൊണ്ട് കാര്യമായ ഫലം ഉണ്ടാകാനിടയില്ല. ഈ രോഗക്കിടക്കയിൽ നിങ്ങളെ യഥാർത്ഥമായി സഹായിക്കാനും നിങ്ങളുടെ മനസ്സിലെ ഭയം നീക്കിക്കളയുവാൻ കഴിവുള്ള ഒരാളെയാണ് നിങ്ങൾക്ക് ആവശ്യം. രോഗം എത്ര മാരകമാണെങ്കിലും.. ശരീരം എത്രമാത്രം ക്ഷീണിച്ചെങ്കിലും നിങ്ങളെ സഹായിക്കുവാൻ കഴിയുന്ന ഒരുവൻ. ലോകത്തിലെ ഏറ്റവും വിദഗ്ദനായ ഡോക്ടർ പോലും നിസഹായരായി നില്ക്കുമ്പോഴും കൈവിടുകയോ ഉപേക്ഷിക്കുകയോ ചെയ്യാത്ത ഒരുവൻ...

അങ്ങനെ ഒരാളെ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ യേശുക്രിസ്തുവിന്റെ അരികിലേക്ക് ചെയ്യുക. എല്ലാ പ്രതീക്ഷകളും നഷ്ടമായ ഒരു വ്യക്തിയാണ് നിങ്ങളെങ്കിലും നിങ്ങളുടെ ജീവിതത്തെ പുതുക്കിപ്പണിയാൻ യേശുക്രിസ്തുവിനു സാധിക്കും. ഈ ലോകത്ത് ആർക്കും നിങ്ങൾ അനുഭവിക്കുന്ന വേദനയുടെ ആഴം മനസ്സിലാക്കുവാൻ സാധിക്കുകയില്ല. എന്നാൽ യേശുക്രിസ്തുവിനു മാത്രം അതു സാധിക്കും. യേശുക്രിസ്തു പറയുന്നു. " അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ എല്ലാവരും എന്റെ അടു

ക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും." (മത്തായി 11: 28) ക്രിസ്തുവിന്റെ പക്കൽ നിങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടിയുണ്ട്. എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരമുണ്ട്. എന്നാൽ നാം അതു നമ്മുടെ സ്വന്തമാക്കണമെങ്കിൽ നാം അറിഞ്ഞിരിക്കേണ്ട ചില യാഥാർത്ഥ്യങ്ങളുണ്ട്.

**ലോകത്തിലേക്കും ഏറ്റവും മാരകമായ രോഗം കാൻസറല്ല**

ലോകത്തിലുള്ള എല്ലാ മനുഷ്യരെയും ഒരു പോലെ ബാധിച്ചിരിക്കുന്ന അതീവഗുരുതമായ ഒരു അസുഖമുണ്ട്. അത് മനുഷ്യനിലെ പാപമാണ്. പാപമെന്ന മഹാവ്യാധി ബാധിച്ച മനുഷ്യൻ അതിവേഗം അതിന്റെ ഫലമായ നിത്യനരകത്തിലേക്ക് ഓടുകയാണ്. ഇന്നു ലോകത്തിൽ കാണുന്ന എല്ലാ രോഗങ്ങളും, ദുരിതങ്ങളും മരണവുമെല്ലാം കടന്നു വന്നത് പാപം കാരണമാണ്.

മനുഷ്യനിലെ ഈ മാരകരോഗം സൗഖ്യമാക്കുവാൻ ഈ ലോകത്തിലെ ഒരു ഡോക്ടർക്കും സാധിക്കുകയില്ല. ഒരു പാപിക്കു മറ്റൊരു പാപിയെ രക്ഷിക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ട് ദൈവം മനുഷ്യനെ രക്ഷിക്കാൻ മനുഷ്യനായി ഭൂമിയിൽ അവതരിച്ചു. പാപരഹിതനായ യേശുക്രിസ്തു ഭൂമിയിലേക്ക് വന്നത് മനുഷ്യന്റെ പാപം പരിഹരിക്കുന്നതിനാണ്. സർവ്വ മനുഷ്യരുടെയും പാപങ്ങളെ യേശുക്രിസ്തു ഏറ്റെടുത്തു. ക്രിസ്തുവിന്റെ ക്രൂശുമരണത്തിലൂടെ മനുഷ്യന്റെ പാപപരിഹാരത്തിനായി വഴി തെളിഞ്ഞു. യേശുക്രിസ്തു പ്രഖ്യാപിച്ചു: " ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് എത്തുന്നില്ല." (യോഹന്നാൻ 14:6).

യേശുക്രിസ്തു മരണം കൊണ്ട് അവസാനിച്ചില്ല. മരണത്തെ തോല്പിച്ചുകൊണ്ട് ക്രിസ്തു മൂന്നാം ദിനം ഉയിർത്തെഴുന്നേറ്റു. യരുശലേമിലെ തുറക്കപ്പെട്ട കല്ലറ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു സാക്ഷ്യം പറയുന്നു. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് പാപമോചനവും നിത്യജീവനും സ്വർഗ്ഗ രാജ്യ പ്രവേശനവും വാഗ്ദാനം ചെയ്തിരിക്കുന്നു. മനുഷ്യനെ മരണഭയത്തിൽ നിന്നു രക്ഷിക്കുവാൻ യേശുക്രിസ്തുവിനു സാധിക്കും. "ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" എന്ന് ക്രിസ്തു വ്യക്തമാക്കുന്നു. (യോഹന്നാൻ 11:25)

അതെ. യേശുക്രിസ്തുവിനു നിങ്ങളെ സഹായിക്കാൻ കഴിയും. നിങ്ങളുടെ പാപത്തിന്റെ ചുമടുമായി നിത്യനരകത്തിലേക്ക് ഓടിപ്പോകേണ്ടതില്ല.

യേശുക്രിസ്തുവിന്റെ കരങ്ങളിലേക്ക് നിങ്ങളുടെ ജീവിതത്തെ ഏല്പിച്ചു കൊടുക്കുക. "ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല. ഉപേക്ഷിക്കുക യുമില്ല" എന്നു ക്രിസ്തു അരുളിച്ചെയ്യുന്നു. (എബ്രായർ 13:5). മറ്റെല്ലാവരും കൈവിട്ടാലും, ഉപേക്ഷിച്ചു പോയാലും നിങ്ങളെ ചേർത്തുപിടിക്കുന്ന ക്രിസ്തുവിന്റെ സ്നേഹം നിങ്ങൾ അറിയാതെ പോകരുത്. നിങ്ങളുടെ വേദ നകളും നൊമ്പരങ്ങളും ഭാരങ്ങളും രോഗത്തിന്റെ കാഠിന്യവുമൊക്കെ ക്രുശിൽ കഠിന വേദന അനുഭവിച്ച ക്രിസ്തുവിനു മനസ്സിലാകും. നിങ്ങൾ അനുഭവിക്കുന്നതിനേക്കാൾ എത്രയോ കഠിനമായ വേദനയിലൂടെയാണ് ക്രിസ്തു ക്രൂശിൽ കടന്നുപോയത്. അവിടുത്തെ കരങ്ങളിൽ അതിനെല്ലാം പരിഹാരമുണ്ട്.

**വിശ്വസിക്കുക മാത്രം ചെയ്യുക**

യേശുക്രിസ്തു ക്രൂശിലൂടെ ഒരുക്കിയ രക്ഷ സൗജന്യമാണ്. നിങ്ങളുടെ പാപരോഗത്തിനുള്ള സൗഖ്യത്തിനായി ഒരു രൂപ പോലും ചെലവഴിക്കേണ്ട തില്ല. ഒരു സ്ഥലത്തും പോകേണ്ടതില്ല. നിങ്ങളുടെ രോഗക്കിടക്കയിൽ ഇരു ന്നുകൊണ്ട് യേശുക്രിസ്തുവിനോട് നിങ്ങളുടെ പാപങ്ങളെ ഏറ്റു പറയുക. ക്രിസ്തുവിനെ സ്വന്ത രക്ഷിതാവും കർത്താവുമായി സ്വീകരിക്കുക. നിങ്ങ ളുടെ ഹൃദയത്തിന്റെ വാതില്ക്കൽ യേശുക്രിസ്തു മുട്ടിവിളിക്കുന്നു.

**ഇന്നു... ഇപ്പോൾ തന്നെ...**

കാൻസറുകൾക്ക് കീഴടക്കാൻ കഴിയാത്ത സ്വർഗ്ഗീയ സന്തോഷവും സമാ ധാനവും നിങ്ങളുടെ ജീവിതത്തിൽ നൽകുവാൻ യേശുക്രിസ്തുവിനു മന സ്സുണ്ട്. ക്രിസ്തുവിനായി ഹൃദയം തുറന്നുകൊടുക്കുക. ഈ സ്വർഗ്ഗീയസമാ ധാനത്തിന്റെ അനുഭവത്തിലേക്ക് കടക്കാനുള്ള ഏറ്റവും നല്ല അവസരമാ ണിത്. നാളെ നമ്മുടെ കൈകളിലല്ല. ഇന്നു.. ഇപ്പോൾ തന്നെ... യേശുക്രി സ്തുവിനായി നിങ്ങളുടെ ജീവിതം തുറന്നുകൊടുക്കുക. ക്രിസ്തു പകരുന്ന നിത്യജീവന്റെ പങ്കാളികളായിത്തീരുക.

യേശുക്രിസ്തുവിനോട് ഇപ്രകാരം ഹൃദയത്തിൽ നിന്നും ആത്മാർത്ഥ മായി പറയുക: "കർത്താവായ യേശുക്രിസ്തുവേ.. ഞാൻ ഒരു പാപിയാ ണെന്ന് സമ്മതിക്കുന്നു. എന്റെ പാപത്തിന്റെ ശിക്ഷ ഏറ്റെടുത്ത് എനിക്കു പകരമായാണ് അങ്ങ് ക്രൂശിൽ മരണശിക്ഷ അനുഭവിച്ചതെന്ന് ഞാൻ വിശ്വ സിക്കുന്നു. അങ്ങയെ എന്റെ ജീവിതത്തിന്റെ കർത്താവും രക്ഷിതാവുമായി ഞാൻ സ്വീകരിക്കുന്നു."

ഈ പ്രാർത്ഥന ആത്മാർത്ഥമായി യേശുക്രിസ്തുവിലുള്ള പൂർണ്ണ വിശ്വാസത്തോടെയാണ് നിങ്ങളുടെ ഹൃദയത്തിൽ നിന്ന് ഉയരുന്നുവെങ്കിൽ യേശുക്രിസ്തു നിങ്ങളുടെ ഹൃദയത്തിലേക്ക് വരും. ദൈവമക്കളായി നിങ്ങൾ മാറും. സ്വർഗ്ഗരാജ്യം നിങ്ങളുടെ അവകാശമാകും. നിത്യ നരകത്തിന്റെ ശിക്ഷാവിധി പൂർണ്ണമായി നിങ്ങളുടെ ജീവിതത്തിൽ നിന്നും മാറിപ്പോകും. മരണാനന്തരം ക്രിസ്തുവിനോടുകൂടെയുള്ള സ്വർഗീയ ജീവിതത്തെക്കുറിച്ച് ഉറപ്പ് ലഭിക്കും, മരണത്തെ നോക്കി " ഹേ മരണമെ നിന്റെ ജയമെവിടെ?" എന്നു ധൈര്യത്തോടെ ചോദിക്കാൻ നിങ്ങൾക്ക് സാധിക്കും.

ദൈവമക്കളായി നിങ്ങൾ മാറിയാൽ നിങ്ങളുടെ ജീവിതത്തിലെ എല്ലാ പ്രയാസങ്ങളും നിങ്ങൾക്ക് സ്വർഗ്ഗത്തിലുള്ള പിതാവിനോട് പറയാൻ സാധിക്കും. നിങ്ങളുടെ പ്രാർത്ഥനകൾക്ക് മറുപടി ഉണ്ടാകും. രോഗം എത്ര കഠിനമാണെങ്കിലും അതിന്റെ മധ്യത്തിലും ആശ്വസിപ്പിക്കുന്ന സ്വർഗ്ഗീയ പിതാവിന്റെ കരങ്ങൾ നിങ്ങൾക്ക് കാണാൻ സാധിക്കും. ക്രിസ്തു നിങ്ങളുടെ കണ്ണീർ തുടയ്ക്കും. തന്റെ മാർവോട് ചേർക്കും. "കരയേണ്ട" എന്നും "ഭയപ്പെടേണ്ട" എന്നും പറയുന്ന ക്രിസ്തുവിന്റെ ആർദ്രതയുള്ള ശബ്ദം നിങ്ങൾക്ക് കേൾക്കുവാൻ സാധിക്കും. ഈ ലോകത്തിനു ഒരിക്കലും നല്കാൻ കഴിയാത്ത... യേശുക്രിസ്തുവിനു മാത്രം നൽകാൻ കഴിയുന്ന ദിവ്യസമാധാനം അനുഭവിക്കാൻ നിങ്ങൾക്കിടയാകും.

കൂടുതൽ  വിവരങ്ങൾക്കും
സൗജന്യ കൗൺസിലിംഗിനും
9747497803
എന്ന ഫോൺ നമ്പറിലോ
പി ഒ ബോക്സ് 1, റബർബോർഡ് പി.ഒ,
കോട്ടയം, കേരള 686 009
എന്ന വിലാസത്തിലോ
ബന്ധപ്പെടാവുന്നതാണ്.

# കാൻസറോ...? ഭയപ്പെടേണ്ട

കാൻസർ രോഗത്തെക്കുറിച്ചും
പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ച്
വിവരിക്കുന്ന ഈ പുസ്തകം
കാൻസർ രോഗികൾ
ശ്രദ്ധിക്കേണ്ട അടിസ്ഥാനപരമായ
വിഷയങ്ങളെയും വ്യക്തമാക്കുന്നു.
കാൻസർ രോഗം ബാധിച്ചാലും പ്രതീക്ഷ കൈവിടേണ്ടതില്ല
കാൻസർ രോഗികൾക്കും ബന്ധുകൾക്കും ഏറെ പ്രതീക്ഷ
പകരുന്ന നിലയിലേക്ക് കാൻസർ
ചികിത്സാരീതികൾ മാറിക്കഴിഞ്ഞു.

കൃത്യമായ സമയത്ത് നൽകുന്ന വിദഗ്ദ ചികിത്സയിലൂടെ
പൂർണ്ണ സൗഖ്യം നേടാൻ കഴിയുന്ന രോഗമാണ് കാൻസർ
എന്നു ഇപ്പോൾ വൈദ്യശാസ്ത്രം വ്യക്തമാക്കുന്നു
അതെ സമയം ഈ ലോകത്ത് എല്ലാ മനുഷ്യരെയും
ബാധിച്ചിരുന്ന കാൻസറിനെക്കാൾ മാരകമായ
ഒരു രോഗത്തെക്കുറിച്ചും പരിഹാരമാർഗ്ഗത്തെക്കുറിച്ചും
ഈ പുസ്തകം വ്യക്തമാക്കുന്നു.